**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3330** **13-07-2022 - ൽ മറുപടിയ്ക്ക്**

**ബാലാതിരുത്തിക്ക് ചുറ്റുമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ബാലാതിരുത്തിക്ക് ചുറ്റുമുള്ള കമ്മ്യൂണിറ്റി റിസർവ്വ് പ്രദേശം അളന്ന് തിട്ടപ്പെടുത്താത്തത് കാരണം പട്ടയം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. കമ്മ്യൂണിറ്റി റിസർവ്വ് പ്രദേശം അളന്നു തിട്ടപ്പെടുത്താത്തതിനാലല്ല പട്ടയം അനുവദിക്കാത്തത്. 1992 ന് ശേഷം പുഴപുറമ്പോക്കിലെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് നിയമ തടസ്സം ഉള്ളതാണ്. |
| (ബി) | കമ്മ്യൂണിറ്റി റിസർവ്വായി പ്രദേശത്തെ പ്രഖ്യാപിക്കുന്ന സമയത്ത് ജോലിയിൽ ഉദ്യോഗസ്ഥർ കാണിച്ച അലംഭാവമാണോ പട്ടയം ലഭിക്കാത്തതിന് കാരണമെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. കമ്മ്യൂണിറ്റി റിസർവ്വ് പ്രദേശം അളന്നു തിട്ടപ്പെടുത്താത്തതിനാലല്ല പട്ടയം അനുവദിക്കാത്തത്. 1992 ന് ശേഷം പുഴപുറമ്പോക്കിലെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് നിയമ തടസ്സം ഉള്ളതാണ്. |
| (സി) | ബാലാതിരുത്തിക്ക് ചുറ്റുമുള്ള സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി റിസർവ്വായി മാറ്റുന്നതിന് ജനങ്ങൾ താമസിക്കുന്നതും കൃഷി ചെയ്യുന്നതും പാരമ്പര്യമായി അനുഭവിച്ച് വരുന്നതുമായ ഭൂമി ഒഴിവാക്കി അളന്ന് തിട്ടപ്പെടുത്തുകയും ഒഴിവാക്കിയവരുടെ ഭൂമിക്ക് പട്ടയം ലഭിക്കുവാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കേരള സർക്കാർ വനം വകുപ്പിന്റെ നേതൃത്വത്തിൽ വള്ളിക്കുന്ന് വില്ലേജിലെ ബ്ലോക്ക് 5 റീ. സ 15/1, 15/2, 15/3, 15/4 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട 150 ഹെക്ടർ ഭൂമി വന്യജീവി സംരക്ഷണ നിയമം 1972 സെക്ഷൻ 36(സി) പ്രകാരം കടലുണ്ടി കമ്മ്യൂണിറ്റി റിസർവ്വ് ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് നിലവിൽ നിയമ തടസ്സങ്ങൾ ഇല്ല. പ്രസ്തുത മേഖലയിലെ സ്ഥലത്തിന് പട്ടയം നൽകുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതമായി പട്ടയം നല്കുന്നതാണ്. എന്നാൽ ഇതേ മേഖലയിൽ ഉൾപ്പെട്ട 29.28 ഹെക്ടർ കണ്ടൽക്കാട് ഉൾപ്പെടുന്ന പ്രദേശം 2003 മുതൽ റിസർവ്വ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്തിരുന്നു. പ്രസ്തുത ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിന് നിയമതടസ്സമുണ്ട്. |

സെക്ഷൻ ഓഫീസർ